"ഭരണഭാഷ- മാതൃഭാഷ"

13501
22/12/20

കേരള സർക്കാർ

സംഗ്രഹം

വിനോദസഞ്ചാര വകുപ്പ്-ആലപ്പുഴ പൈതൃക പദ്ധതിയുടെ കൺസർവേഷൻ കൺസൾട്ടന്റ് ആയ ശ്രീ. ബെന്നി കര്യാക്കോസിന് 4% നിരക്കിൽ കൺസൾട്ടൻസി ഫീസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വിനോദസഞ്ചാര (സി) വകുപ്പ്

സ.ഉ.(കൈ) നം.13/2020/ടൂറിസം തീയതി,തിരുവനന്തപുരം, 21/12/2020

പരാമർശം:- 1 സ.ഉ.(പി) നം.61/2017/ഫിൻ തീയതി 09.05.2017.

2 വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 02.08.2019, 26.05.2020 തീയതികളിലെ പി3-13060(9)/2016 നം. കത്തുകൾ.

3 സ.ഉ.(സാധാ) നം.391/2018/ടൂറിസം തീയതി 29.08.2018.

ഉത്തരവ്

സ്പൈസ് റൂട്ട് പദ്ധതിയുടെ ഭാഗമായി വിനോദസഞ്ചാര വകുപ്പ് മുസിരിസ് ഹെറിറ്റേജ് പദ്ധതിയുടെ മാതൃകയിൽ സംസ്ഥാനത്തുടനീളം വിവിധ പൈതൃക പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. വിനോദസഞ്ചാര വകുപ്പിന് കീഴിൽ നടപ്പിലാക്കുന്ന പുതിയ ബൃഹത് പദ്ധതിയാണ് ആലപ്പുഴ പൈതൃക പദ്ധതി. പ്രസ്തുത പദ്ധതിയിൽ പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണം, നവീകരണം, മ്യൂസിയങ്ങളുടെ സ്ഥാപനം മുതലായവ ഉൾപ്പെട്ടിരിക്കുന്നു.

2) ആലപ്പുഴ പൈതൃക പദ്ധതിയുടെ കൺസർവേഷൻ കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനായി വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ 30-12-2016-ൽ അപേക്ഷ ക്ഷണിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട ഭരണപരമായ നടപടിക്രമങ്ങൾ പൂർത്തിയാക്കിയതിനുശേഷം വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 14-06-2017-ലെ പി8-18149/2016 നമ്പർ നടപടിക്രമം പ്രകാരം ശ്രീ. ബെന്നി കര്യാക്കോസ്, വേദിക, ഫ്ലാറ്റ്-എഫ്, മൂന്നാം നില, സ്പ്രിംഗ് വുഡ് അപ്പാർട്ട്മെന്റ്, നമ്പർ 6, രഞ്ജിത്ത് റോഡ്, കോട്ടൂർപുരം, ചെന്നൈ - 600 085 -നെ ആലപ്പുഴ ഹെറിറ്റേജ് പദ്ധതിയുടെ കൺസർവേഷൻ കൺസൾട്ടന്റ് ആയി തെരഞ്ഞെടുക്കുകയും ടിയാന് പ്രവൃത്തി പൂർത്തീകരിച്ച ബിൽ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ DPR തയ്യാറാക്കുന്നതിന് 3.5% നിരക്കിലും പദ്ധതിയുടെ വിവിധഘട്ടങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും മേൽനോട്ടത്തിനുമായി 0.5% നിരക്കിലും കൺസൾട്ടൻസി ഫീസ് നൽകാൻ തീരുമാനിക്കുകയും അതുപ്രകാരം 25-07-2017-ൽ ടൂറിസം ഡയറക്ടർ ടിയാനുമായി കരാറിലേർപ്പെടുകയും ചെയ്തു. അതനുസരിച്ച് ശ്രീ. ബെന്നി കര്യാക്കോസ് പദ്ധതിയുടെ കൺസർവേഷൻ കൺസൾട്ടന്റായി പ്രവൃത്തി ആരംഭിച്ചു.

3) പ്രസ്തുത പദ്ധതി വിനോദസഞ്ചാര വകുപ്പിന്റെ സംസ്ഥാന പദ്ധതി വിഹിതവും കിഫ്ബി ഫണ്ടും ഉപയോഗിച്ചാണ് നടപ്പിലാക്കുന്നത്.

4) കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ (കിഫ്ബി) സാമ്പത്തിക സഹായത്തോടെ ആലപ്പുഴ പൈതൃക പദ്ധതി നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയും മെസ്സേഴ്സ് ഇൻകൽ ലിമിറ്റഡിനെ ടി പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ചുമതലപ്പെടുത്തിയും പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

5) പഴയ സ്മാരകങ്ങളുടെയും കെട്ടിടങ്ങളുടെയും, പൈതൃക സ്ഥലങ്ങളുടെയും സംരക്ഷണം മുതലായ കാര്യങ്ങളാണ് ആലപ്പുഴ പൈതൃക പദ്ധതിയിൽ പ്രധാനമായും വിഭാവനം ചെയ്തിരിക്കുന്നതെന്നും ആയതിനാൽ പ്രത്യേക വൈദഗ്ധ്യവും കൂടുതൽ മനുഷ്യാദ്ധ്വാനവും ടി പദ്ധതിയുടെ നിർവ്വഹണത്തിന് ആവശ്യമാണ് എന്നും ആയതിനാൽ സെന്റേജ് പരിധി 7% ആയി വർദ്ധിപ്പിച്ച് നൽകണമെന്നും പരാമർശിത കത്ത് പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ പരാമർശം (1) പ്രകാരം അനുവദനീയമായ നിരക്കിൽ മാത്രമെ സെന്റേജ് ചാർജ് അനുവദിക്കാനാകൂ എന്ന് കിഫ്ബി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ INKEL ന് കിഫ്ബി അനുവദിച്ച സെന്റേജ് ചാർജിൽ നിന്നും ഒരു ഭാഗം കൺസൾട്ടൻസി ചാർജ് ഇനത്തിൽ കൺസർവേഷൻ കൺസൾട്ടന്റ് ആയ ശ്രീ. ബെന്നി കുര്യാക്കോസിന് നൽകുകയാണെങ്കിൽ ബാക്കി തുക വിനോദസഞ്ചാര വകുപ്പിന്റെ ഫണ്ടിൽ നിന്നും നൽകുന്നതിന് വിയോജിപ്പില്ലായെന്ന് പരാമർശിത കത്ത് പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ അറിയിക്കുകയുണ്ടായി.

6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കിഫ്ബി പ്രോജക്ടായ ആലപ്പുഴ പൈതൃക പദ്ധതിയുടെ പ്രത്യേക ഉദ്ദേശ്യ ഏജൻസി (SPV) ആയ ഇൻകെൽ ലിമിറ്റഡിന് കിഫ്ബി നൽകുന്ന സെന്റേജ് ചാർജ്ജിൽ നിന്നും 0.5 ശതമാനവും വിനോദസഞ്ചാര വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 3.5 ശതമാനവും ചേർത്ത് 4% ടി പദ്ധതിയുടെ കൺസർവേഷൻ കൺസൾട്ടന്റ് ആയ ശ്രീ. ബെന്നി കുര്യാക്കോസിന് കൺസൾട്ടൻസി ഫീസായി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനായി 25.07.2017-ൽ വിനോദസഞ്ചാര വകുപ്പ് ഡയറക്ടറും ശ്രീ.ബെന്നി കുര്യാക്കോസും ചേർന്നുണ്ടാക്കിയ കരാർ റദ്ദാക്കി വിനോദസഞ്ചാര വകുപ്പ് ഡയറക്ടറും, ശ്രീ.ബെന്നി കുര്യാക്കോസും, മെസ്സേഴ്സ് ഇൻകൽ ലിമിറ്റഡും ചേർന്ന് ഒരു ത്രികക്ഷി കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റാണി ജോർജ്ജ്
സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, ഇൻകൽ ലിമിറ്റഡ്, ടി.സി. 15/25&26, ഇൻകൽ ഭവൻ, ശാസ്തമംഗലം.പി.ഒ., വെള്ളയമ്പലം, തിരുവനന്തപുരം -695010.
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി), ഫെലിസിറ്റി സ്ക്വയർ (സെക്കന്റ് ഫ്ലോർ), അക്കൗണ്ടന്റ് ജനറൽ ഓഫീസിന് എതിർവശം, സ്റ്റാച്യു തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി , വെള്ളയമ്പലം, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി.) വകുപ്പ്
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ് :

വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ.

വിനോദസഞ്ചാര വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി.എ.

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 17-12-2020

ഫയൽ നം. ടൂർ-സി2/88/2018/ടൂറിസം. ഇനം നം: 4384

വിഷയം : ടൂറിസം വകുപ്പ് - ആലപ്പുഴ പൈതൃക പദ്ധതിയുടെ കൺസർവേഷൻ കൺസൾട്ടന്റ് ആയ ശ്രീ. ബെന്നി കുര്യാക്കോസിന് 4% നിരക്കിൽ ഫീസ് നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ 1, 2(a) അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

17/12/2020

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

സെക്രട്ടറി, ടൂറിസം വകുപ്പ്.

18/12/2020

# കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | ടൂർ-സി2/88/2018/ടൂറിസം |
| 2 | വകുപ്പ് | ടൂറിസം (സി) വകുപ്പ് |
| 3 | വിഷയം | ആലപ്പുഴ പൈതൃക പദ്ധതിയുടെ കൺസർവേഷൻ കൺസൾട്ടന്റ് ആയ ശ്രീ. ബെന്നി കുര്യാക്കോസിന് 4% നിരക്കിൽ ഫീസ് നൽകുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കുവാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി ; | 28-12-2019 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | അതെ<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര്; | ശ്രീ. പ്രകാശ് ബി. എസ് |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര്; | ശ്രീമതി. റാണി ജോർജ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി ; | 28-10-2020 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്; | ഡോ. വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി; | 11-12-2020 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി ; | 14-12-2020 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 15-12-2020 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും ; | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1. ആലപ്പുഴ പൈതൃക പദ്ധതിയുടെ കൺസർവേഷൻ കൺസൾട്ടന്റ് ആയ ശ്രീ. ബെന്നി കുര്യാക്കോസിന് 4% നിരക്കിൽ കൺസൾട്ടൻസി ഫീസ് അനുവദിക്കുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2. സ്പൈസ് റൂട്ട് പദ്ധതിയുടെ ഭാഗമായി വിനോദസഞ്ചാര വകുപ്പ് മുസിരിസ് ഹെറിറ്റേജ് പദ്ധതിയുടെ മാതൃകയിൽ സംസ്ഥാനത്തുടനീളം വിവിധ പൈതൃക പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. വിനോദസഞ്ചാര വകുപ്പിന് കീഴിൽ നടപ്പിലാക്കുന്ന പുതിയ ബൃഹത് പദ്ധതിയാണ് ആലപ്പുഴ പൈതൃക പദ്ധതി. പ്രസ്തുത പദ്ധതിയിൽ പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണം, നവീകരണം, മ്യൂസിയങ്ങളുടെ സ്ഥാപനം മുതലായവ ഉൾപ്പെട്ടിരിക്കുന്നു.

3. ആലപ്പുഴ പൈതൃക പദ്ധതിയുടെ കൺസർവേഷൻ കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനായി വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ 30-12-2016-ൽ അപേക്ഷ ക്ഷണിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട ഭരണപരമായ നടപടിക്രമങ്ങൾ പൂർത്തിയാക്കിയതിനുശേഷം വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 14-06-2017 ലെ പി8-18149/2016 നമ്പർ നടപടിക്രമം പ്രകാരം ശ്രീ. ബെന്നി കുര്യാക്കോസ്, വേദിക, ഫ്ലാറ്റ്-എഫ്, മൂന്നാം നില, സ്പ്രിംഗ് വുഡ് അപ്പാർട്ട്മെന്റ്, നമ്പർ 6, രഞ്ജിത്ത് റോഡ്, കോട്ടൂർപുരം, ചെന്നൈ - 600 085 -നെ ആലപ്പുഴ ഹെറിറ്റേജ് പദ്ധതിയുടെ കൺസർവേഷൻ കൺസൾട്ടന്റ് ആയി തെരഞ്ഞെടുക്കുകയും ടിയാന് പ്രവൃത്തി പൂർത്തീകരിച്ച ബിൽ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ DPR തയ്യാറാക്കുന്നതിന് 3.5% നിരക്കിലും പദ്ധതിയുടെ വിവിധഘട്ടങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും മേൽനോട്ടത്തിനുമായി 0.5% നിരക്കിലും കൺസൾട്ടൻസി ഫീസ് നൽകാൻ തീരുമാനിക്കുകയും അതുപ്രകാരം 25-07-2017-ൽ ടൂറിസം ഡയറക്ടർ ടിയാനുമായി കരാറിലേർപ്പെടുകയും ചെയ്തു. അതനുസരിച്ച് ശ്രീ. ബെന്നി കുര്യാക്കോസ് പദ്ധതിയുടെ കൺസർവേഷൻ കൺസൾട്ടന്റായി പ്രവൃത്തി ആരംഭിച്ചു.

4. പ്രസ്തുതപദ്ധതി വിനോദസഞ്ചാര വകുപ്പിന്റെ സംസ്ഥാന പദ്ധതി വിഹിതവും കിഫ്ബി ഫണ്ടും ഉപയോഗിച്ചാണ് നടപ്പിലാക്കുന്നത്. സംസ്ഥാന പ്ലാൻ സ്കീം പ്രകാരം നടപ്പിലാക്കുന്ന 4 പ്രവൃത്തികൾക്ക് 2018-2019 വർഷങ്ങളിലെ സർക്കാർ ഉത്തരവുകൾ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. വിനോദസഞ്ചാര വകുപ്പിന്റെ സംസ്ഥാന പദ്ധതി വിഹിതം ഉപയോഗിച്ച് പ്രവൃത്തികൾ ആരംഭിക്കുകയും തുടർന്നുള്ള പ്രവൃത്തികൾക്ക് കിഫ്ബി ഫണ്ട് ഉപയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകുകയുമാണ് ചെയ്തത്.

5. 2018-19 ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 29-08-2018-ലെ സ.ഉ (സാധാ) നം. 391/2018/ടൂറിസം പ്രകാരം ആലപ്പുഴ ഹെറിറ്റേജ് പദ്ധതിയ്ക്ക് കിഫ്ബിയിൽ നിന്നും പണം ലഭ്യമാക്കുന്നതിനായി 122.28 കോടി രൂപയുടെ ഭരണാനുമതിയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. ടി പദ്ധതിയുടെ പ്രത്യേക ഉദ്ദേശ ഏജൻസി (SPV) ആയി ഇൻകെൽ ലിമിറ്റഡിനെ നിയമിച്ചു.

6. 09-05-2017 തീയതിയിലെ സ.ഉ.(പി) നം.61/2017/ഫിൻ പ്രകാരം കിഫ്ബി പ്രോജക്ടുകളിൽ SPV യ്ക്ക് നൽകുന്ന സെന്റേജ് ചാർജ് കെട്ടിടങ്ങൾക്ക് 10 കോടി രൂപ മുതൽ 25 കോടി രൂപ വരെ 4% ആയും, 26 കോടി രൂപ മുതൽ 100 കോടി രൂപ വരെ 3.75% ആയും, 100 കോടി രൂപ മുതൽ 250 കോടി രൂപ വരെ 3.5% ആയും നിജപ്പെടുത്തിയിട്ടുണ്ട്.

7. 09-05-2017 തീയതിയിലെ സ.ഉ.(പി) നം.61/2017/ഫിൻ പ്രകാരം നിജപ്പെടുത്തിയ നിരക്കിനേക്കാൾ കൂടുതലായി സെന്റേജ് ചാർജ് SPV യ്ക്ക് നൽകണമെങ്കിൽ മന്ത്രിസഭായോഗത്തിന്റെ അംഗീകാരം ആവശ്യമാണ്.

8. പഴയ സ്മാരകങ്ങളുടെയും കെട്ടിടങ്ങളുടെയും, പൈതൃക സ്ഥലങ്ങളുടെയും സംരക്ഷണം മുതലായ കാര്യങ്ങളാണ് ആലപ്പുഴ പൈതൃക പദ്ധതിയിൽ പ്രധാനമായും വിഭാവനം ചെയ്തിരിക്കുന്നതെന്നും ആയതിനാൽ പ്രത്യേക വൈദഗ്ധ്യവും കൂടുതൽ മനുഷ്യാദ്ധ്വാനവും ടി പദ്ധതിയുടെ നിർവ്വഹണത്തിന് ആവശ്യമാണ് എന്നും വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ആയതിനാൽ സെന്റേജ് പരിധി 7% ആയി വർദ്ധിപ്പിച്ച് നൽകാൻ ഡയറക്ടർ സർക്കാരിനോട് അപേക്ഷിച്ചു. സെന്റേജ് ചാർജ് പരിധി വർദ്ധിപ്പിക്കുന്നതിനോട് കിഫ്ബി വിയോജിക്കുകയാണെങ്കിൽ ഭരണവകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് ആയത് നൽകുന്നതിനുള്ള അനുമതി കിഫ്ബി

നൽകണമെന്നും ഡയറക്ടർ അഭ്യർത്ഥിച്ചു. 04-07-2018-ൽ ബഹു. ധന വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പൈതൃക സംരക്ഷണവുമായി ബന്ധപ്പെട്ട പ്രോജക്ടുകളിലെ കൺസൾട്ടൻസി ഫീസും സെന്റേജ് ചാർജ് പരിധിയും 7% ആയി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചും കൺസർവേഷൻ കൺസൾട്ടന്റിന് 4% കൺസൾട്ടൻസി ഫീസ് നൽകുന്നത് സംബന്ധിച്ചും കിഫ്ബിയുടെ അഭിപ്രായം ആരായുവാൻ തീരുമാനിച്ചു. എന്നാൽ 09-05-2017-ലെ സ.ഉ.(പി) നം.61/2017/ഫിൻ പ്രകാരം അനുവദനീയമായ നിരക്കിൽ മാത്രമെ സെന്റേജ് ചാർജ് അനുവദിക്കാനാകു എന്ന് കിഫ്ബി അറിയിച്ചു. INKEL ന് കിഫ്ബി അനുവദിച്ച 4% സെന്റേജ് ചാർജിൽ നിന്നും ഒരു ഭാഗം കൺസൾട്ടൻസി ചാർജ് ഇനത്തിൽ കൺസർവേഷൻ കൺസൾട്ടന്റ് ആയ ശ്രീ. ബെന്നി കുര്യാക്കോസിന് നൽകുകയാണെങ്കിൽ ബാക്കി തുക വിനോദസഞ്ചാര വകുപ്പിന്റെ ഫണ്ടിൽ നിന്നും നൽകുന്നതിന് വിയോജിപ്പില്ലായെന്ന് 02-08-2019-ലെ കത്ത് പ്രകാരം ടൂറിസം ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

9. ശ്രീ. ബെന്നി കുര്യാക്കോസിന് 4% നിരക്കിൽ കൺസൾട്ടൻസി ഫീസ് നൽകുന്നതു സംബന്ധിച്ച് ധനകാര്യ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"Finance Department concur to the proposal of Tourism Department. This has the approval of Hon. Minister (Finance)"

10. കിഫ്ബി നൽകുന്ന സെന്റേജ് ചാർജിൽ നിന്നും 0.5% ശ്രീ. ബെന്നി കുര്യാക്കോസിന് നൽകാൻ ഇൻകെൽ സമ്മതിച്ചിട്ടുണ്ടെന്നും ബാക്കി വരുന്ന തുക സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽ നിന്നും നൽകാവുന്നതാണെന്നും വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ 26-05-2020-ലെ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

11. നിയമ വകുപ്പിന്റെ അഭിപ്രായത്തിനായി ഫയൽ അയച്ചപ്പോൾ പ്രസ്തുത വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു.

**"ആലപ്പുഴ ഹെറിറ്റേജ് പ്രോജക്ടുമായി ബന്ധപ്പെട്ട കൺസർവേഷൻ കൺസൾട്ടിൻസി സേവനം ലഭ്യമാക്കുന്നതിനായി ടൂറിസം ഡയറക്ടറും ശ്രീ. ബെന്നി കുര്യാക്കോസും ചേർന്ന് 25-07-2017 ൽ ഒരു കരാറിൽ ഏർപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത കരാറിലെ ഖണ്ഡം 6.02 പ്രകാരം**

നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഫീസ് എംപ്ലോയർ നൽകേണ്ടതാണ് എന്ന് ടി കരാറിലെ ഖണ്ഡം 6.01 ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. പ്രസ്തുത കരാറിലെ ഖണ്ഡം 7-ൽ ഫീസ് ഒടുക്കേണ്ടുന്ന രീതിയും (Mode of Payment) വ്യക്തമായി പ്രതിപാദിച്ചിട്ടുള്ളതാണ്. പ്രസ്തുത കരാർ നിലനിൽക്കെ 29-08-2018-ലാണ് ആലപ്പുഴ ഹെറിറ്റേജ് പദ്ധതിയ്ക്ക് കിഫ്ബിയിൽ നിന്നും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനും പദ്ധതികളുടെ പ്രത്യേക ഉദ്ദേശ ഏജൻസിയായി മെസ്സേഴ്സ് ഇൻകൽ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവിൽ ശ്രീ. ബെന്നി കുര്യാക്കോസിന് നൽകേണ്ടുന്നതായ കൺസൾട്ടൻസി ഫീസ് സംബന്ധിച്ച് പരാമർശിച്ചിട്ടില്ലാത്തതാണ്. കിഫ്ബി മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം മെസ്സേഴ്സ് ഇൻകലിന് അർഹതപ്പെട്ട സെന്റേജ് ചാർജിന്റെ 0.5 ശതമാനം തുക ശ്രീ. ബെന്നി കുര്യാക്കോസിന് നൽകുന്നതാണ് എന്ന് ഭരണ വകുപ്പ് ഫയലിൽ നിന്ന് വ്യക്തമാകുന്നു. എന്നാൽ പ്രസ്തുത സംഗതി ഉൾക്കൊള്ളിച്ചുകൊണ്ട് ഏതെങ്കിലും കരാറിൽ ഏർപ്പെട്ടതായി കാണുന്നില്ല.

25-07-2017 ൽ ടൂറിസം ഡയറക്ടറും ശ്രീ. ബെന്നി കുര്യാക്കോസും ചേർന്നുണ്ടാക്കിയ കരാർ നിലനിൽക്കുന്നിടത്തോളം കാലം ടി കരാറിലെ വ്യവസ്ഥകൾ പ്രകാരമുള്ള ഫീസ് നൽകുന്നതിന് എംപ്ലോയർക്ക് ബാധ്യതയുണ്ട്. പ്രസ്തുത കൺസൾട്ടൻസി ഫീസിന്റെ ഒരു നിശ്ചിത ശതമാനം തുക മെസ്സേഴ്സ് ഇൻകൽ ശ്രീ. ബെന്നി കുര്യാക്കോസിന് നൽകുന്നതിന് തയ്യാറാകുന്ന പക്ഷം ഉചിതതലത്തിൽ തീരുമാനം കൈക്കൊണ്ടതിനുശേഷം, നിലവിലുള്ള കരാർ റദ്ദാക്കി ടൂറിസം ഡയറക്ടറും, ശ്രീ. ബെന്നി കുര്യാക്കോസും, മെസ്സേഴ്സ് ഇൻകലും ചേർന്ന് ഒരു ത്രികക്ഷി കരാറിൽ ഏർപ്പെടുകയോ, അല്ലെങ്കിൽ 25-07-2017-ലെ കരാറിന് ഒരു അനുബന്ധ കരാർ കൂടി ഉണ്ടാക്കുകയോ ചെയ്യാവുന്നതാണെന്ന വിവരം ഭരണവകുപ്പിനെ അറിയിക്കുന്നു."

12. ശ്രീ. ബെന്നി കുര്യാക്കോസിന് 4% നിരക്കിൽ കൺസൾട്ടൻസി ഫീസ് നൽകുന്ന വിഷയം മന്ത്രിസഭയുടെ മുമ്പാകെ സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട കാര്യം

1. കിഫ്ബി പ്രോജക്റ്റായ ആലപ്പുഴ പൈതൃക പദ്ധതിയുടെ പ്രത്യേക ഉദ്ദേശ ഏജൻസി (SPV) ആയ ഇൻകെൽ ലിമിറ്റഡിന് കിഫ്ബി നൽകുന്ന സെന്റേജ് ചാർജിൽ നിന്നും 0.5 ശതമാനവും വിനോദസഞ്ചാര വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 3.5 ശതമാനവും ചേർത്ത് 4% ടി പദ്ധതിയുടെ കൺസർവേഷൻ കൺസൾട്ടന്റ് ആയ ശ്രീ. ബെന്നി കുര്യാക്കോസിന് കൺസൾട്ടൻസി ഫീസായി നൽകാമോ?
2. (a) അങ്ങനെയാണെങ്കിൽ 25-07-2017-ൽ ടൂറിസം ഡയറക്ടറും ശ്രീ. ബെന്നി കുര്യാക്കോസും ചേർന്നുണ്ടാക്കിയ കരാർ റദ്ദാക്കി ടൂറിസം ഡയറക്ടറും, ശ്രീ. ബെന്നി കുര്യാക്കോസും, മെസ്സേഴ്സ് ഇൻകൽ ലിമിറ്റഡും ചേർന്ന് ഒരു ത്രികക്ഷി കരാറിൽ ഏർപ്പെടുകയോ, അല്ലെങ്കിൽ (b) 25-07-2017-ലെ കരാറിന് ഒരു അനുബന്ധ കരാർ കൂടി ഉണ്ടാക്കുകയോ ചെയ്യാവുന്നതാണോ?